## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5282** | **12-08-2021 - ൽ മറുപടിയ്ക്ക്**

## റബ്ബർ അധിഷ്ഠിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ കർഷകരെ സഹായിക്കാൻ പ്രകൃതിദത്ത റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തി വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | മൂല്യ വർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. KSIDC-യുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നത്. പദ്ധതിക്ക് ആവശ്യമായ ഭൂമി കണ്ടെത്തുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിനു ലഭിച്ച HNL ന്റെ ഭൂമിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കേരള റബർ ലിമിറ്റഡിന് ഭൂമി ലഭ്യമായാൽ ഉടൻ തന്നെ പദ്ധതിക്ക് തറക്കല്ലിടാനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാനുമാണ് ഉദ്ദേശിക്കുന്നത്. വടക്കൻ മലബാറിലെ റബ്ബർ കർഷകരുടെ ഉന്നമനത്തിനായി കണ്ണൂർ ജില്ലയിൽ KSIDC-യുടെ പങ്കാളിത്തത്തോടുകൂടി റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള നടപടി പുരോഗമിക്കുന്നു. ആദ്യ ഘട്ടത്തിൽ എക്സാമിനേഷൻ ഗ്ലൗസ്/ സർജിക്കൽ ഗ്ലൗസ് തുടങ്ങിയ ഉൽപ്പന്നങ്ങളാവും ഉല്പ്പാദിപ്പിക്കുക. റബ്ബർ ബോർഡിന്റെ സാങ്കേതിക സഹായത്തോടെയാകും നിർദ്ദിഷ്ട യൂണിറ്റ് നിലവിൽ വരുക. ഈ കമ്പനിയിൽ ഓഹരി പങ്കാളിത്തം ആകർഷിക്കുന്നതിനായി റബ്ബർ കർഷക രെയും, സൊസൈറ്റികളെയും, സ്വകാര്യ സംരംഭകരെയും, പ്രവാസികളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു നിക്ഷേപക സംഗമം 18/02/2020-ൽ കണ്ണൂരിൽ വച്ച് നടത്തപ്പെടുകയും തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ